**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 56** | **10-06-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിനായി നാളിതുവരെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (എ) | ഡിജി കേരളം സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ ഭാഗമായി ആലപ്പുഴ നിയോജക മണ്ഡലത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വോളണ്ടിയർ രജിസ്ട്രേഷൻ നടന്നുവരുന്നു. വാർഡ് തല ഡിജിസഭകൾ നടത്തുന്ന സർവ്വേയിലൂടെ കണ്ടെത്തുന്നവർക്ക് സ്മാർട്ട്ഫോൺ മുഖാന്തിരം വിവിധ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകുന്നുണ്ട്. സാക്ഷരതാ പ്രേരക് മാർക്ക് ഡിജി സാക്ഷരതയുമായി ബന്ധപ്പെട്ട ട്രെയിനിങ് നൽകി വരുന്നു.<br><br>ഡിജിറ്റൽ സാക്ഷരത കൈവരിക്കാൻ ഇന്റർനെറ്റിന്റെ വ്യാപനം അത്യന്താപേക്ഷിതമാണ്. പൊതു ഇടങ്ങളിൽ ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള കെഫൈ പദ്ധതി പ്രകാരം ആലപ്പുഴ നിയോജകമണ്ഡലത്തിൽ വൈഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് വഴി സാധാരണക്കാർക്ക് ഇന്റർനെറ്റ് സേവനം ലഭ്യമാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന കെ-ഫോൺ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കാമോ? | (ബി) | ആലപ്പുഴ മണ്ഡലത്തിലെ 148 സർക്കാർ സ്ഥാപനങ്ങൾ കെ-ഫോൺ കണക്ഷൻ നൽകാനുള്ള ആദ്യ സർവ്വേയിൽ ഉൾപ്പെട്ടിരുന്നു. ഇതിൽ 68 സ്ഥാപനങ്ങളിൽ കെഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും 58 സ്ഥാപനങ്ങളിൽ കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. സർവ്വേ നടത്തിയതിൽ ശേഷിക്കുന്ന സ്ഥാപനങ്ങളിൽ സെപ്റ്റംബർ 30-നുള്ളിൽ കണക്ഷൻ നല്ലാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുജനങ്ങൾക്കുള്ള വാണിജ്യ അടിസ്ഥാനത്തിലുള്ള കണക്ഷൻ നൽകുന്നത് ലാസ്റ്റ് മൈൽ നെറ്റ് വർക്ക് പ്രൊവൈഡർമാർ മുഖാന്തിരമാണ്. നിലവിൽ 7 ഉപഭോക്താക്കൾക്ക് വാണിജ്യ അടിസ്ഥാനത്തിലുള്ള കണക്ഷൻ |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി 'എന്റെKFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ് സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കണക്ഷൻ ലഭിക്കുന്നതിനായി പ്രസ്തുത ആപ്ലിക്കേഷൻ അല്ലെങ്കിൽ വെബ് സൈറ്റ് മുഖാന്തിരം അപേക്ഷ നൽകാവുന്നതാണ്. തെരഞ്ഞെടുത്ത ലാസ്റ്റ് മൈൽ നെറ്റ് വർക്ക് പ്രൊവൈഡർമാർ മുഖാന്തിരമാണ് പൊതുജനങ്ങൾക്കുള്ള കണക്ഷൻ നൽകുന്നത്. |

സെക്ഷൻ ഓഫീസർ